# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.18/PR/PIC/PHQ/18 Date : 01.02.2018

## സുരക്ഷയ്ക്കും പോലീസ് സേവനങ്ങൾക്കുമുള്ള മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകൾ പുറത്തിറക്കി

യാത്രാവേളകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും പോലീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുമുള്ള കേരള പോലീസിന്റെ മൂന്ന് മൊബൈൽ ആപ്ലിക്കേഷനുകൾ ഔപചാരികമായി പുറത്തിറക്കി. വെള്ളയമ്പലം കെൽട്രോണിൽ നടന്ന ലളിതമായ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉദ്ഘാടനം നിർവഹിച്ചു. ആപ്പ് അധിഷ്ഠിതവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ പോലീസിങ് സംവിധാനങ്ങളിലേക്ക് കേരളപോലീസ് കൂടുതൽ മാറുക എന്നതാണ് ലക്ഷ്യമെന്നും ഇതിനായുള്ള കൂടുതൽ പദ്ധതികൾക്ക് രൂപം നല്കിവരികയാണെന്നും ഉദ്ഘാടനവേളയിൽ അദ്ദേഹം പറഞ്ഞു.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് വെബിലും മൊബൈലിലും പ്രവർത്തിക്കുന്ന ആപ്ലിക്കേഷനാണ് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് സിസ്റ്റം. ഓൺലൈൻ വഴി അപേക്ഷിക്കുകയും തുടർന്ന് വെബ്/മൊബൈൽ സംവിധാനം വഴി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുകയും ചെയ്യാം.

*സിറ്റിസൺ സേഫ്റ്റി* എന്ന പേരിൽ യാത്രാവേളയിലെ സുരക്ഷിതത്വത്തിനായുള്ള ആപ്ലിക്കേഷൻ പരീക്ഷണാടിസ്ഥാനത്തിൽ നേരത്തെ നിലവിൽ വന്നിരുന്നു. അടിയന്തര സാഹചര്യങ്ങളിലും ഒറ്റപ്പെട്ട യാത്രാവേളകളിലും സുരക്ഷ വർധിപ്പിക്കുന്നതിനുള്ള ആപ്ലിക്കേഷനാണിത്. ഒറ്റയ്ക്ക് യാത്രചെയ്യുന്ന സ്ത്രീകൾക്കും മുതിർന്ന പൗരൻമാർക്കും കൂടുതൽ പ്രയോജനപ്രദമാണ് ഇത്. യാത്ര ചെയ്യുന്ന വാഹനത്തിന്റെ ഫോട്ടോ, രജിസ്ട്രേഷൻ നമ്പർ എന്നിവ കൺട്രോൾ റൂമിലേക്കും അടുത്ത ബന്ധുക്കൾക്കും അയയ്ക്കാനുള്ള സൗകര്യവും ലഭ്യമാണ്. യാത്രയുടെ റൂട്ടും ഇതുവഴി ട്രാക്ക് ചെയ്യാം. അടിയന്തരനമ്പരുകളിലേക്ക് സന്ദേശം അയയ്ക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

*സിറ്റിസൺ സേഫ്റ്റി*യുടെ മറ്റൊരു സവിശേഷത *പാനിക് ബട്ടൺ* എന്ന സംവിധാനമാണ്. ആപത്ഘട്ടങ്ങളിൽ നമ്പർ ഡയൽ ചെയ്യാതെതന്നെ ഇതിലുള്ള എസ്.ഒ.എസ്. ബട്ടൺ

അമർത്തുന്നതുവഴി ഒരു അടിയന്തര സന്ദേശം പോലീസിനും നമ്പർ നല്കിയിട്ടുള്ള അടുത്ത ബന്ധുക്കൾക്കും ലഭിക്കും. സഹായമഭ്യർത്ഥിച്ചയാളുടെ സമീപം വേഗത്തിലെത്താൻ ഇത് സഹായ കമാവും. ഈ ആപ്ലിക്കേഷന്റെ ഹോംസ്ക്രീനിലെ 'കാൾ' ബട്ടണിൽ അമർത്തിപ്പിടിച്ചാൽ സൗജന്യ നമ്പരുകളിലേക്ക് വിളിക്കുന്നതിനും സംവിധാനമുണ്ട്.

വിവിധ പോലീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സഹായത്തോടെ ചാറ്റ് ബോട്ട് പ്ലാറ്റഫോമിൽ പ്രവർത്തിക്കുന്ന വെർചൽ പോലീസ് ഗൈഡ് ആപ്ലിക്കേഷനും ഇതോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്.

പോലീസ് ക്ലിയറൻസ് സർട്ടിഫിക്കേറ്റ് സിസ്റ്റവും വിർചൽ പോലീസ് ഗൈഡും ആൺഡ്രോയിഡ് പ്ളാറ്റ്ഫോമിലും, സിറ്റിസൺ സേഫ്റ്റി ആൺഡ്രോയിഡ്/ഐ.ഒ.എസ്. പ്ലാറ്റ്ഫോമുകളിലും ലഭിക്കും. കേരള പോലീസിന്റെ ഇൻഫർമേഷൻ കമ്യൂണിക്കേഷൻ വിഭാഗത്തിന്റെ സഹായത്തോടെ കെൽട്രോൺ ആണ് ഇവയുടെ രൂപകൽപനയും ഇന്റഗ്രേഷനും നിർവഹിച്ചത്.

കെൽട്രോൺ മാനേജിങ് ഡയറക്ടർ ടി.ആർ.ഹേമലത, എ.ഡി.ജി.പി. ഇന്റലിജൻസ് ടി.കെ.വിനോദ്കുമാർ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം, ഐ.ജി. ഇന്റലിജൻസ് ബൽറാംകുമാർ ഉപാധ്യായ, ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജി എസ്.പി. ജെ.ജയനാഥ്, വനിതാ ബറ്റാലിയൻ കമാൻഡന്‍ഡ് ആർ. നിശാന്തിനി, പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ പി.എസ്.രാജശേഖരൻ, കെൽട്രോൺ ജനറൽ മാനജേർ സന്തോഷ്.എസ്, ഡെപ്യൂട്ടി മാനേജർ എസ്.പി.ഗോപകുമാർ, അസിസ്റ്റന്റ് മാനേജർ ബിൻസൻ.എൻ.ടി എന്നിവർ പങ്കെടുത്തു.

***********